പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3872

25.6.2013 ൽ
മറുപടിയ്ക്ക്

## കോഴിക്കോട് ഗവൺമെന്റ് സൈബർപാർക്ക് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) കോഴിക്കോട് ഗവൺമെന്റ് സൈബർപാർക്ക് നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;<br><br>ബി) പ്രസ്തുത പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ച ശേഷം എന്തെല്ലാം പ്രവൃത്തികളാണ് ആരംഭിക്കുവാൻ ഉദ്ദേശിച്ചതെന്നും, എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ ആരംഭിച്ചതെന്നും വിശദമാക്കുമോ ? | (എ) യും (ബി) യും<br><br>കോഴിക്കോട് സൈബർപാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. സൈബർ പാർക്കിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ച പ്രവർത്തികളും ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങളും താഴെ ചേർക്കുന്നു.<br><br>**സൈബർ പാർക്ക് ആരംഭിക്കാൻ ഉദ്ദേശിച്ച പ്രവൃത്തികൾ**<br><br>1. പാർക്കിലേക്ക് നാലുവരിപാതയും ചുറ്റുമതിലും<br>2. സ്ട്രീറ്റ് ലൈറ്റിംഗ് & യാഡ് ലൈറ്റിംഗ്<br>3. 10000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെൻറർ<br>4. സി.എഫ്.സി സെന്ററിന്റെ ലാന്റ് ഡവലപ്പ്മെൻറും & പാർക്കിംഗ് സംവിധാനവും<br>5. 11 കെ.വി. സബ് സ്റ്റേഷൻ<br>6. 2.84 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി കെട്ടിടം പാർക്കിംഗ് സംവിധാനവും<br>7. ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിന് 110.കെ.വി.ഗ്യാസ് ഇൻസുലേററഡ് സബ്സ്റ്റേഷൻ .<br>8. പാർക്കിന്റെ മുഴുവൻ ആവശ്യങ്ങൾക്കുതകുന്ന വിധത്തിലുള്ള ജലവിതരണ |

സംവിധാനം

9. അത്യാധുനിക സംവിധാനങ്ങളുപയോഗിച്ച് ഹൈസ്പീഡ് കണക്ടിവിറ്റി

**സൈബർപാർക്ക് ആരംഭിച്ച പ്രവൃത്തികൾ**

1. പാർക്കിലേക്ക് നാലുവരിപാതയും ചുറ്റുമതിലിൻെറയും പ്രവൃത്തികൾ നടന്നുവരുന്നു.
2. സ്ട്രീറ്റ് ലൈറ്റിംഗ് & യാഡ് ലൈറ്റിംഗ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു
3. 10000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെൻറ റിൻെറ കൺസ്ട്രക്ഷൻ എച്ച്.വി.എ.സി മുതലായ പ്രവർത്തികൾ പൂർത്തീകരിച്ചു. ഇൻറീരിയർ ഫർണിഷിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.
4. കോമൺ ഫെസിലിറ്റി സെൻ്ററിലെ ലാൻ്റ് ഡവലപ്പ്മെൻ്റും & പാർക്കിംഗ് സംവിധാനവും പൂർത്തീകരിച്ചുവരുന്നു.
5. 11 കെ.വി. സബ് സ്റ്റേഷൻ പ്രവൃത്തികൾ ചെയ്തുവരുന്നു.
6. 2.84 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിൻെറയും പാർക്കിംഗ് സംവിധാനത്തിൻ്റെയും പ്രവർത്തനാനുമതി നൽകിയെങ്കിലും കരാറുകാരൻ്റെ വീഴ്ച കാരണം അത് റീ ടെണ്ടർ ചെയ്യുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നു.
7. 110 കെ.വി ഗ്യാസ് ഇൻസുലേറ്റഡ് സബ് സ്റ്റേഷൻ്റെ കൺസൾട്ടൻസിയെ തിരഞ്ഞെടുത്തു. അതിൻ്റെ നിർമ്മാണ പ്രവൃത്തനത്തിനുള്ള ടെണ്ടർ നടപടികൾ ചെയ്തുവരുന്നു.
8. പാർക്കിൻ്റെ മുഴുവൻ ആവശ്യങ്ങൾക്കുതകുന്ന

വിധത്തിലുള്ള ജലവിതരണ സംവിധാനം നടപ്പാക്കുന്നതിന് ആദ്യഘട്ടമെന്ന നിലയിൽ 50000 ലിറ്റർ ജലം ദിനംപ്രതി ജല അതോറിറ്റിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. സി.എസ്.യിലേക്കുള്ള ആവശ്യത്തിനായി ബോർവെല്ലും നിർമ്മിച്ചു. പാർക്കിന്റെ മുഴുവൻ ആവശ്യത്തിലേക്കായുള്ള ജലവിതരണ സംവിധാനം ചാലിയാറിൽനിന്നും ലഭ്യമാക്കുന്നതിനുള്ള പഠനങ്ങൾ നടന്നുവരുന്നു.

അത്യാധുനിക സംവിധാനങ്ങളുപയോഗിച്ചുള്ള ഹൈസ്പീഡ് കണക്റ്റിവിറ്റി നടപ്പിലാക്കുന്നതിന് സേവനദാതാക്കളുമായി ചർച്ചകൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ